# ഭിന്നലിംഗനയം സ്വാഗതാര്ഹം, കൂടുതല് അര്ത്ഥവത്താക്കണം

**ഡോ. എ.കെ. ജയശ്രീ**



ഇന്ത്യയിലാദ്യമായി ഭിന്നലിംഗനയം പ്രഖ്യാപിച്ചിരിക്കുന്നത് ഭിന്നലൈംഗികതയുള്ളവരോട് ഏറ്റവും കൂടുതല് വിവേചനം കാണിക്കുന്ന കേരളത്തിലാണെന്നത് ആശ്വാസകരമാണ്. വളരെയധികം ഗുണാത്മകവും നിഷേധാത്മകവുമായ വശങ്ങള് അടങ്ങിയ നയമാണ് സാമൂഹ്യക്ഷേമവകുപ്പ് പ്രഖ്യാപിച്ചിരിക്കുന്നത്. അത് സ്വാഭാവികമാണുതാനും. ഇത്തരമൊരു നയത്തെ ഏറ്റടുത്ത് ചര്ച്ചകളിലൂടെ കുറ്റമറ്റതാക്കാനുള്ള ഉത്തരവാദിത്തം ഇനി നമ്മുടേതാണ്. അല്ലാത്തപക്ഷം നയപ്രഖ്യാപനത്തില് മാത്രമായി കാര്യങ്ങള് ഒതുങ്ങും.




തീര്ച്ചയായും മനുഷ്യരായി ജീവിക്കാനുള്ള ഭിന്നലിംഗക്കാരുടെ പോരാട്ടങ്ങളു വലിയൊരു നാഴികകല്ലാണ് ഈ നയപ്രഖ്യാപനം. തങ്ങളുടെ പ്രശ്നങ്ങള് ചര്ച്ച ചെയ്യാന് ഒരിടം പോലും ലഭിക്കാതിരുന്ന അവസ്ഥയായിരുന്നു അടുത്ത കാലംവരെ നിലനിന്നിരുന്നത്. ജീവിക്കാന് വേണ്ടി സ്വന്തം വീടിനകത്തും പുറത്തും ഓരോ നിമിഷവും പോരാടേണ്ടിയിരുന്ന അവസ്ഥ. രോഗികളായി കാണുന്ന അവസ്ഥ. അതുണ്ടാക്കിയ മാനസിക സംഘര്ഷങ്ങള് മറികടക്കാനാവാതെ എത്രയോ പേര് സ്വന്തം ജീവന്




അവസാനിപ്പീച്ചിരിക്കുന്നു. അവിടെ നിന്ന് കാര്യങ്ങള് ഏറെ മുന്നോട്ടു പോയിരിക്കുന്നു. അപ്പോഴും ഇവരർഹിക്കുന്നത് സഹതാപമല്ല, അവകാശമാണ് എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു. ആഗോളതലത്തില് അംഗീകരിക്കപ്പെട്ടിരിക്കുന്ന മുഴുവന് മനുഷ്യാവകാശങ്ങളും ഭിന്നലിംഗക്കാർക്കും ലഭ്യമാകണം. നിയമപരമായിതന്നെ വിവേചനം അവസാനിപ്പിക്കണം. പട്ടിക ജാതിക്കാർക്കെതിരായ അതിക്രമങ്ങള് തടയാനുള്ള നിയമം പോലെ, സ്ത്രീപീഡനങ്ങൾക്കെതിരായ നിയമങ്ങൾപോലെ കർശനമായ നിയമങ്ങളിലൂടെ ഇവർക്കെതിരായ കടന്നാക്രമണങ്ങളും തടയണം. നേരത്തെ രാജ്യസഭയില് ഭേദപ്പെട്ട രീതിയില് ബില്ലവതരിപ്പിച്ചിരുന്നു. എന്നാല് ലോകസഭയിലെത്തിയപ്പോള് അതിന്റെ അന്തസത്തയില് ചോർച്ചയുണ്ടായി. ആ ദിശയില് മുന്നോട്ടുപോകാന് കേരളത്തിലെ ഈ നയം കാരണമാകുമെന്ന് കരുതാം. 1995ലെ കെയ്റോ സമ്മേളനത്തിലൂടെയാണ് ലിംഗനീതിയെ കുറിച്ചുള്ള ചർച്ചകള് ആഗോളതലത്തില് സജീവമായത്. പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ ആരോഗ്യപ്രശ്നവും മറ്റുമാണ് അന്ന് ഗൗരവമായി ചർച്ച ചെയ്യപ്പെട്ടത്. ലൈംഗികമായ അവകാശങ്ങള് അന്നത്തെ അജണ്ടയില് കാര്യമായി ഇടംപിടിച്ചിരുന്നില്ല. പ്രത്യൂൽപ്പാദനത്തിനുമാത്രമായാണ് പൊതുവില് ലൈംഗികതയെ കണ്ടിരുന്നത് എന്നതായിരുന്നു അതിനുള്ള പ്രധാന കാരണം. ഇന്ന് ലൈംഗിക അവകാശങ്ങള് സംരക്ഷിക്കപ്പെടണമെന്ന് യു എന് നിഷ്കർഷിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട നിയമങ്ങളുണ്ടാക്കാന് രാഷ്ട്രങ്ങളോട് നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാല് ഇന്ത്യയടക്കമുള്ള രാഷ്ട്രങ്ങള് അതു കൃത്യമായി നടപ്പാക്കുന്നില്ല. എന്തിനേറെ, ഭിന്നലിംഗക്കാർക്ക് സാധാരണ രോഗങ്ങൾക്കുപോലും ചികിത്സ നിഷേധിക്കുന്ന ഡോക്ടർമാരും ആശുപത്രികളുമൊക്കെ ഇപ്പോഴുമുണ്ട്.




എത്രയോ കാലത്തെ പോരാട്ടങ്ങളുടെ ഭാഗമായിണ് കേരള സർക്കാര് ഇത്തരത്തിലുള്ള ഒരു നയം പ്രഖ്യാപിക്കാന് തയ്യാരായത്. സ്വവർഗ്ഗലൈംഗികത കുറ്റകരമാക്കുന്ന ഭരണഘടനയുടെ 377-ാം വകുപ്പിനെതിരെയായിരുന്നു കൂടുതല് സമരങ്ങളും നടന്നത്. ആ നിയമം ഇവിടെ നടപ്പാക്കിയ ബ്രിട്ടന് പോലും എത്രയോ കാലം മുമ്പ് അതുപേക്ഷിച്ചു. 2009ല് ദെൽഹി ഹൈക്കോടതി പ്രസ്തുത വകുപ്പ് റദ്ദാക്കിയത് ഒരു വലിയ കാൽവെപ്പാ

യിരുന്നു. സമൂഹത്തില് സ്വവർഗ്ഗലൈംഗികക്കാരെ കുറെയൊക്കെ പ്രത്യക്ഷരാക്കാന് അതിനു കഴിഞ്ഞു. എന്നാല് സർക്കാര് നൽകിയ അപ്പീലില് 2013 സുപ്രിംകോടതി വകുപ്പ് പുനസ്ഥാപിച്ചു. മറുവശത്ത് ഭിന്നലിംഗക്കാരെ പിന്നോക്കവിഭാഗങ്ങളായി പരിഗണിച്ച് അവരുടെ അവകാശങ്ങള് ഉറപ്പുവരുത്തണമെന്ന് 2014ല് സുപ്രിംകോടതിതന്നെ മാർഗ്ഗനിർദ്ദേശം നൽകി. അവർക്ക് വിദ്യാഭ്യാസവും ജോലിയും മറ്റു ക്ഷേമപദ്ധതികളുമെല്ലാം ഉറപ്പുവരുത്തണമെന്നാണ് സുപ്രിം കോടതി നിർദ്ദേശിച്ചത്. അതനുസരിച്ച് സംസ്ഥാനങ്ങള് നയങ്ങളുണ്ടാക്കണമെന്നും കമ്മീഷന് രൂപീകരിക്കണമെന്നും കോടതി കൂട്ടിചേർത്തു. അതിന്റെ ഭാഗമായാണ് കേരളം പ്രഖ്യാപിച്ചിരിക്കുന്ന ഭിന്നലിംഗനയം. നേരത്തെ സൂചിപ്പിച്ചപോലെ നിരവധി ഗുണങ്ങളും പോരായ്മകളുമടങ്ങിയതാണ് ഉൗ നയം. അടിസ്ഥാനപരമായി ഈ നയം ജെൻഡറിനെ മാത്രമാണ് അഭിസംബോധന ചെയ്യുന്നത്. ലൈംഗികതയെ ഒഴിവാക്കുന്നു. സ്വവർഗ്ഗ ലൈംഗിക താൽപ്പര്യമുള്ളവർക്ക് നയം ബാധകമല്ല എന്നു തുറന്നു പറയുന്നു. അത് ലൈംഗിക സ്വയംനിർണ്ണയാവകാശമെന്ന യുഎന് പ്രഖ്യാപിത നയത്തിനു വിരുദ്ധമാണ്. ട്രാൻസ്ജെൻഡര് വിഭാഗങ്ങളെ സംബന്ധിച്ച് കുറെയേറെ ഗുണകരമായ വശങ്ങള് ബില്ലിലുണ്ട.് എന്നാല് ശസ്ത്രക്രിയയിലൂടെ ലിംഗമാറ്റം നടത്തിയവരെ മാത്രമെ അത് പരിഗണിക്കുന്നുള്ളു എന്നത് പരിമിതിയാണ്. അതും ട്രാൻസ് വിമന് എന്നു പറയുന്ന പുരുഷന് സ്ത്രീയായി മാറിയവരെയാണ് മുഖ്യമായും പരിഗണിക്കുന്നത്. മറിച്ചുള്ളവരെ അനവഗണിക്കുന്നു. ട്രാൻസ് മെന് ഒരു ശതമാനമേ വരൂ എന്നാണ് പറയുന്നത്. ്അത് ശരിയല്ല. അവർക്കിപ്പോഴും പുറത്തുവരാനാകുന്നില്ല എന്നതാണ് സത്യം. ഇനി ഒരു ശതമാനമായാലും അവരുടെ അവകാശങ്ങള് സംരക്ഷിക്കണമല്ലോ.



പിന്നോക്കക്കാരായി പരിഗണിച്ച്് എല്ലാ അവകാശവും നൽകണമെന്നത് വളരെ പുരോഗമനപരം തന്നെയാണ്. എന്നാല് ഇവരില് ഭൂരിഭാഗത്തിന്റേയും പഠനം സ്കൂളില് വെച്ചുതന്നെ തടസ്സപ്പെടുന്ന അവസ്ഥയാണ്. അതു മാറാതെ സംവരണം കൊണ്ട് ഗുണം ചെയ്യില്ല. ഇവരുടെ പഠനം ഉറപ്പുവരുത്താനായി അധ്യാപകരേയും മറ്റു ബന്ധപ്പെട്ട വരേയും സജ്ജരാക്കണം. ഇവരുടെ ഒന്നിച്ചുതാമസിക്കാനുള്ള അവകാശ ത്തേയും കുട്ടികളെ ദത്തെടുക്കാനുള്ള അവകാശത്തേയും കുറിച്ച് നയത്തിലുണ്ട്. അതുപോലെ പൊതുസ്ഥലങ്ങലില് പ്രത്യക ടോയ്ലറ്റുകള് സ്ഥാപിക്കണമെന്നും നിർദ്ദേശമുണ്ട്. അവരുടെ നിയമപരമായ അവകാശങ്ങള് അംഗീകരിക്കാനും നയത്തില് ജാഗ്രതയുണ്ട്. എല്ലാ അപേക്ഷാഫോമുകളിലും ഇവരുടെ കോളം വേണമെന്നും ഐഡി കാർഡുകളില് ട്രാൻസ്ജെൻഡര് എന്നു രേഖപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു. തമഴ് നാട്ടിലും മറ്റും ഇപ്പോൾതന്നെ ആ സാഹചര്യമുണ്ട്. മറ്റൊരു പ്രധാന വിഷയം വസ്ത്രധാരണവുമായി ബന്ധപ്പെട്ടാണ്. അവരവർക്കിഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള അവകാശം അംഗീകരിക്കപ്പെടണം.




ഇവരുടെ അവകാശങ്ങള് ഉറപ്പുവരുത്താനായി കമ്മീഷന് രൂപവൽക്കരിക്കാനും ജസ്റ്റീസ് ബോർഡ് സ്ഥാപിക്കാനും നിർദ്ദേശമുണ്ട്. എന്നാല് അവയുടെ അധികാരം നിർവ്വചിക്കപ്പെട്ടിട്ടില്ല. അതനിവാര്യമാണ്. കൂടാതെ ജില്ലാതലങ്ങളില് സ്ക്രീനിംഗ് ബോർഡും ക്രൈസിസ് ഇന്ററർവെൻഷന് സെന്ററും സ്ഥാപിക്കണം. അവയുടേയും അധികാരം നിർവ്വചിക്കുന്നില്ല എന്നത് പരിമിതിയാണ്. ഇവരുടെ ആരോഗ്യവിഷയവുമായി ബന്ധപ്പെട്ട് നയത്തില് കാര്യമായ പരാമർശങ്ങള് ഇല്ല എന്നു പറയാതെവയ്യ. ലിംഗമാറ്റ ശസ്ത്രക്രിയകള് അവകാശമായി അംഗീകരിച്ച് സർക്കാര് ആശുപത്രികളില് സംവിധാനമൊരുക്കണം. ഇപ്പോള് ബാഗ്ലൂരിലും മറ്റും രഹസ്യമായാണ് ശസ്ത്രക്രിയകള് നടക്കുന്നത്. അവ പലപ്പോഴും അപകടകരമാണെന്നു മാത്രമല്ല, വളരെ ചിലവേറിയതുമാണ്. ഈ അവസ്ഥ മാറണം.




ഇന്ററര് സെക്സ് ആയി പിറക്കുന്ന കുഞ്ഞുങ്ങളുടെ കാര്യവും വളരെ പ്രധാനമാണ്. ഇപ്പോള് ഡോക്ടർമാരും രക്ഷാകർത്താക്കളുമാണ് അവരെന്താകണമെന്ന് തീരുമാനിക്കുന്നത്. അത് മാറണം. വളരുന്നതിനനുസരിച്ച് അക്കാര്യം തീരുമാനിക്കാനുള്ള അവകാശം അവർക്കു തന്നെ നൽകണം. അതുവരെ അവരെ മറ്റുള്ളവരെപോലെ തന്നെ തുല്ല്യർരായി കണക്കാക്കണം. പൊതുവില് ഉപയോഗിക്കപ്പെടുന്ന തേഡ് ജെന്ററര് എന്ന വാക്കിനെതിരെ ഇവർക്കിടയില് നിന്ന് പ്രതിഷേധമുണ്ട്. അത്തരത്തില് നമ്പറിട്ട് തങ്ങളെ മൂന്നാംതരക്കാരാക്കേണ്ട എന്ന വാദത്തിനു പ്രസക്തിയുണ്ട്. അതുപോലെ ട്രാൻസ്ജെന്ററര് എന്ന വാക്കുപയോഗിക്കുമ്പോഴും അതിനകത്തെ വൈവിധ്യങ്ങള് അംഗീകരിക്കണം. ജെൻഡറിനൊപ്പം ലൈംഗികതയും നയത്തിലുൾപ്പെടുത്തണം.

ഇങ്ങനെയൊക്കെയായാലും ഇതൊരു കാൽവെപ്പുതന്നെ എന്നംഗീകരിച്ച്, കൂടുതല് ചർച്ചകളിലൂടേയും നിർദ്ദേശങ്ങളിലൂടേയും നയത്തെ കൂടുതല് അർത്ഥവത്താക്കാനുള്ള ഇടപെടലാണ് ഇപ്പോള് നടത്തേണ്ടത്.